കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് –പാലാ നഗരസഭയുടെ കരട് മാസ്റ്റർപ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം.23/2018/തസ്വഭവ  *തിരുവനന്തപുരം, തീയതി 21/02/2018*

---

*പരാമർശം:*
1. സ.ഉ.(സാ)നം. 3982/08/തസ്വഭവ തീയതി 13/11/2008
2. സ.ഉ.(കൈ)നം. 361/15/തസ്വഭവ തീയതി 22/12/2015
3. പാലാ നഗരസഭയുടെ 22/05/2017-ലെ കൗൺസിൽ തീരുമാനം
4. പാലാ നഗരസഭയുടെ 31/08/2017-ലെ PW2-6033/2007 നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 24/11/17-ലെ E2/20171/2009 നം. കത്ത്.

ഉത്തരവ്

പാലാ നഗരസഭയ്ക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്ക് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പാലാ നഗരസഭയും കേരള നഗരഗ്രാമാസൂത്രണ വകുപ്പും ചേർന്ന് തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ സൂചന രണ്ട് ഉത്തരവിലൂടെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ അതേ തുടർന്ന് ടി കരട് മാസ്റ്റർ പ്ലാനിന്മേൽ ഉയർന്നുവന്ന പരാതികളുടെയും ആക്ഷേപങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത കരട് മാസ്റ്റർ പ്ലാൻ ഭേദഗതി വരുത്തി പുനഃപ്രസിദ്ധീകരിക്കുന്നതിലേക്ക് പരാമർശം മൂന്ന് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നാലാം പരാമർശിത കത്തിലൂടെ പാലാ നഗരസഭ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പരാമർശം അഞ്ച് കത്തിലൂടെ കരട് മാസ്റ്റർ പ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിന് മുഖ്യനഗരാസൂത്രകൻ ശുപാർശയും സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും 2016 -ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് 36(3) വകുപ്പ് പ്രകാരവും പാലാ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
2. സെക്രട്ടറി, പാലാ നഗരസഭ.

3. ജില്ലാ നഗരാസൂത്രകൻ, കോട്ടയം.

4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.